**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5238** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി രജിസ്ട്രേഷൻ ഫീസിൽ ഇളവിനുള്ള നിവേദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി രജിസ്ട്രേഷൻ ഫീസിൽ ഇളവ് ആവശ്യപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചല്ലം മഹല്ല് കമ്മിറ്റി ഭാരവാഹികളുടെ നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചലം മഹല്ല് കമ്മറ്റി ദാനമായി നൽകുന്ന വസ്തുവിന്റെ രജിസ്ട്രേഷന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണം എന്നാവശ്യപ്പെട്ട് സംഘം സെക്രട്ടറി നൽകിയ 08/02/2024 തീയതിയിലെ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ജെ2/56/2024/നി.വ നമ്പർ ഫയലിൽ 23/02/2024 തീയതിയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം 13/05/2024തീയതിയിൽ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ 08/05/2023 തീയതിയിലെ സ.ഉ(കൈ)31/2023/ നി.വ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണോ എന്നത് സംബന്ധിച്ച് നിലവിൽ 29/05/2024 തീയതിയിൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിയ്ക്കുകയാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചലം മഹല്ല് കമ്മറ്റി ദാനമായി നൽകുന്ന വസ്തുവിന്റെ രജിസ്ട്രേഷന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണം എന്നാവശ്യപ്പെട്ട് സംഘം സെക്രട്ടറി നൽകിയ 08/02/2024 തീയതിയിലെ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ജെ2/56/2024/നി.വ നമ്പർ ഫയലിൽ 23/02/2024 തീയതിയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം 13/05/2024തീയതിയിൽ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ 08/05/2023 തീയതിയിലെ സ.ഉ(കൈ)31/2023/ നി.വ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണോ എന്നത് സംബന്ധിച്ച് നിലവിൽ 29/05/2024 തീയതിയിൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിയ്ക്കുകയാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ